LIBRARY ARCHIVES Kerala Legislative Assembly

സ്ഫോടനത്തിൽ കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് നഷ്ടപരിഹാരം

123 (1152) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽ സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കുമ്പോഴുണ്ടായ സ്ഫോടനത്തിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുന്നതിനെക്കുറിച്ച് പഠിക്കാൻ നിയമിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആയതനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

'ഭ്രൂഹിതരില്ലാത്ത കേരളം പദ്ധതി'

124 (1153) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഭ്രൂഹിതരില്ലാത്ത കേരളം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽവച്ച് യു.പി.എ. അദ്ധ്യക്ഷ സോണിയാഗാന്ധി എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ബി) പ്രസ്തുത പട്ടയങ്ങളിൽ രേഖപ്പെടുത്തിയ ഭൂമി പട്ടയം ലഭിച്ചവർക്ക് കൈമാറാൻ സാധിച്ചിട്ടുണ്ടോ ;

(സി) ഉദ്ഘാടന ചടങ്ങിൽവച്ച് പട്ടയം ലഭിച്ചവർക്ക് ഭൂമി കണ്ടെത്തി നൽകാനായിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ പ്രസ്തുത പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; ഇതിൽ എത്ര പേർക്ക് പട്ടയം നൽകി ; ഇവർക്ക് പട്ടയപ്രകാരമുള്ള ഭൂമി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉദ്ഘാടന ചടങ്ങിൽവച്ച് വിതരണം ചെയ്ത പട്ടയങ്ങളിൽ കാട്ടാക്കട താലൂക്കിൽ ഉൾപ്പെടുന്ന ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ ; ഇവർക്ക് പട്ടയപ്രകാരമുള്ള ഭൂമി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഇവർക്ക് നൽകിയത് വ്യാജപട്ടയമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ യു.പി.എ. അദ്ധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധി 6 പട്ടയങ്ങളാണ് വിതരണം ചെയ്തിരുന്നത്.

(ബി) പ്രസ്തുത പട്ടയങ്ങൾ ലഭിച്ചവർക്ക് ഭൂമി കൈമാറിയിട്ടുണ്ട്. എന്നാൽ പോക്കുവരവ് ചെയ്തതിനുശേഷം എറണാകുളത്തെ പട്ടയത്തിൽപ്പെട്ട ഭൂമിയിൽ പിന്നീട് കോടതി കേസ് വന്നു.

(സി) ഉദ്ഘാടനത്തോടനുബന്ധിച്ച് പട്ടയം നൽകിയവരിൽ ചിലർക്ക് ഭൂമി നൽകാനായിട്ടില്ല എന്നുമുള്ള ഏതാനും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഒന്നാംഘട്ട പട്ടയ വിതരണം കഴിഞ്ഞതിനുശേഷമാണ് കാട്ടാക്കട താലൂക്ക് രൂപീകൃതമായിട്ടുള്ളത്. നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിൽപ്പെട്ടിരുന്ന ചില വില്ലേജുകൾ ചേർത്താണ് കാട്ടാക്കട താലൂക്ക് രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത വില്ലേജുകളുമായി ബന്ധപ്പെട്ട് 3074 അപേക്ഷകൾ ലഭിക്കുകയും 2221 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളുടെ ഭാഗമായിരുന്നപ്പോൾ പ്രസ്തുത വില്ലേജുകളിൽപ്പെട്ട 370 പേർക്ക് ഒന്നാംഘട്ടത്തിൽ പട്ടയം നൽകിയിരുന്നു.

(ഇ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഉദ്ഘാടന ചടങ്ങ് നടന്ന സമയത്ത് കാട്ടാക്കട താലൂക്ക് നിലവിലുണ്ടായിരുന്നില്ല. എന്നാൽ നിലവിൽ കാട്ടാക്കട താലൂക്കിൽ ഉൾപ്പെട്ട് വരുന്നതും മുമ്പ് നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളുടെ ഭാഗമായിരുന്നതുമായ വില്ലേജുകളിൽനിന്ന് തെരഞ്ഞെടുത്തിരുന്ന ഗുണഭോക്താക്കൾക്ക് പട്ടയം നൽകിയിരുന്നു. ഇതിൽ നെടുമങ്ങാട് താലൂക്കിലെ വിളർ വില്ലേജിൽ ഭൂമി അനുവദിച്ച കേസുകളിൽ ചട്ടപ്രകാരം ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല. പട്ടയം തയ്യാറാക്കിയതിനുശേഷം, പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് കോടതി കേസുകൾ ഉണ്ടായതിനാലാണ് ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly